# സാമ്പത്തികവും തൊഴിൽപരവുമായ പുരോഗതിക്കായുള്ള പ്രവർത്തനം കൂടുതൽ ശക്തമാക്കണം

നായർസമുദായാംഗങ്ങളുടെയിടയിൽ സാമ്പത്തികവും തൊഴിൽപരവുമായ പുരോഗതി കൈവരിക്കുന്നതിനു വേണ്ടിയാണ് നായർ സർവീസ് സൊസൈറ്റിയുടെ കീഴിൽ 2006-ൽ സോഷ്യൽ സർവീസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തനം ആരംഭിച്ചത്.

സാമ്പത്തികമായ അവശതയും തൊഴിലില്ലായ്മയും കൊണ്ട് ദുരിതം അനുഭവിക്കുന്ന സമുദായത്തിലെ സ്ത്രീകളുടെ ശക്തീകരണപ്രവർത്തനങ്ങൾക്കാണ് ഈ ഡിപ്പാർട്ടുമെന്റ് പ്രധാനമായും ഊന്നൽ നല്കിയത്. അതനുസരിച്ച് സംസ്ഥാനമൊട്ടുക്കായി കരയോഗതലത്തിൽ സ്ത്രീകളുടേതായ ഇരുപതിനായിരത്തോളം സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുകയുണ്ടായി. ഈ സ്വയംസഹായസംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് 60 താലൂക്ക് മന്നം സോഷ്യൽ സർവീസ് സൊസൈറ്റികളാണ്.

ഒരു സംഘത്തിൽ വനിതാസമാജാംഗങ്ങളായ പരമാവധി 20 പേരെ വരെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുന്നത്. മൊത്തം മൂന്നരലക്ഷത്തിലധികം അംഗങ്ങളാണ് ഈ ശൃംഖലയിൽ പ്രവർത്തിച്ചുവരുന്നത്.

ധനലക്ഷ്മി ബാങ്കിൽനിന്നു ലഭിക്കുന്ന വായ്പകൾ, തനതു സമ്പാദ്യം എന്നിവയുടെ സഹായത്തോടുകൂടിയാണ് സ്വയംസഹായസംഘങ്ങൾ പ്രവർത്തിക്കുന്നത്. കൂടാതെ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവ നടപ്പാക്കുന്നതിന് വിവിധ ഏജൻസികളായ നബാർഡ്, മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ, വ്യവസായ-വാണിജ്യവകുപ്പ് മുതലായ സർക്കാർ-ധനകാര്യസ്ഥാപനങ്ങളുമായി സഹകരിച്ച് അവ നടപ്പിലാക്കുകയും ചെയ്തുവരുന്നു. കാർഷികമേഖലയിലും തൊഴിൽമേഖലയിലും സുസ്ഥിരവരുമാനം ഉറപ്പാക്കുന്നതിൽ ഈ പദ്ധതികളിലൂടെ സംഘങ്ങൾക്ക് സാധിച്ചു എന്നതും എടുത്തു പറയാവുന്ന ഒരു കാര്യമാണ്. 3000 കോടിയോളം രൂപയാണ് ഈ സംഘങ്ങൾ ഇപ്പോൾ ക്രയവിക്രയം നടത്തിവരുന്നത്.

സംരംഭകത്വമേഖലകളിൽ മിനി ഡയറിയൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ, ഗോട്ട് റിയറിംഗ് യൂണിറ്റുകൾ, തൂശനില മിനികഫേകൾ, കാറ്ററിംഗ് യൂണിറ്റുകൾ, കറിപൗഡർ നിർമ്മാണയൂണിറ്റുകൾ, ചപ്പാത്തി നിർമ്മാണയൂണിറ്റുകൾ തുടങ്ങി നിരവധി ചെറുകിടസംരംഭങ്ങൾ സംഘാംഗങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പുതുതായി ആരംഭിച്ച 'പത്മ കഫേ' എന്ന ഹോട്ടൽ ശൃംഖല, ജനങ്ങൾക്ക് വെജിറ്റേറിയൻ ഭക്ഷണം വൃത്തിയായും മിതമായ നിരക്കിലും നല്കുന്ന സ്ഥാപനങ്ങൾ മാത്രമല്ല, അവ സ്വയംസഹായസംഘാംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുമുണ്ട്. ഇതുവരെ അടൂർ, കൊട്ടാരക്കര, ചേർത്തല, ആലുവാ, പത്തനംതിട്ട, ചങ്ങനാശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് പത്മ കഫേകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതുപോലെ സംസ്ഥാനത്ത് എല്ലാ താലൂക്ക് യൂണിയനുകളിലും തുടങ്ങാനും പദ്ധതിയിട്ടിട്ടുണ്ട്.

സാമ്പത്തികവും തൊഴിൽപരവുമായ പുരോഗതിക്കായുള്ള ഇത്തരം പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ കരയോഗങ്ങളും താലൂക്ക് യൂണിയനുകളും ശ്രദ്ധിക്കേണ്ടതാണ്.